**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖ പദ്ധതിയുടെ കൺസഷനെയർ കമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ (AVPPL) ഓഹരി, ടെർമിനൽ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡിന്റെ (TiL) അനുബന്ധ സ്ഥാപനമായ മുണ്ടി ലിമിറ്റഡിന് കൈമാറുന്നത് - ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ രൂപീകരിച്ച ഉന്നതാധികാര സമിതിയെ അപേക്ഷ പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നത് ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(കൈ)നം. **17/2026**/മതുവ — തിരുവനന്തപുരം, തീയതി: **09-07-2026**

---

പരാമർശം:
1. 17-08-2015 ൽ കേരള സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഒപ്പുവച്ച കൺസഷൻ കരാർ.
2. 27-10-2015 ലെ ജി.ഒ.(ആർ.റ്റി)873/2015/മതുവ.
3. അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ 01-07-2026 ലെ AVPPL/GoK/2026-27/4064 നമ്പർ കത്ത്.
4. അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ 03-07-2026 ലെ AVPPL/GoK/2026-27/4067 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൊതു-സ്വകാര്യ പങ്കാളിത്ത (Public Private Partnership - PPP) മാതൃകയിൽ വികസിപ്പിക്കുന്നതിനായി 2013-ന്റെ അവസാനത്തോടെ ആരംഭിച്ച ടെൻഡർ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ, അദാനി പോർട്സ് ആൻഡ് എസ്.ഇ.സെഡ്. ലിമിറ്റഡ് (APSEZ)-നെ അന്നത്തെ സംസ്ഥാന സർക്കാർ തെരഞ്ഞെടുക്കുകയുണ്ടായി. ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ (DBFOT) മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ കൺസഷൻ കാലാവധി 40 വർഷമാണ് (കരാറിലെ ഖണ്ഡിക 3.1 പ്രകാരം). ഇതിൽ 4 വർഷം നിർമ്മാണത്തിനും തുടർന്ന് 36 വർഷം പ്രവർത്തനത്തിനുമാണ് നിഷ്കർച്ചിരിക്കുന്നത്. കൺസഷൻ കരാറിൽ നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ തുറമുഖത്തിന്റെ രണ്ട്, മൂന്ന്, നാല് ഘട്ടങ്ങൾ (Capacity Augmentation) കൺസഷണെയർ പൂർത്തിയാക്കിയാൽ, കൺസഷൻ കാലാവധി 20 വർഷത്തേക്ക് കൂടി നീട്ടി നൽകുന്നതാണ്. തുറമുഖത്തിന്റെ ഉടമയായ കേരള സർക്കാരും, പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള കൺസഷണെയറായ AVPPL-ഉം തമ്മിൽ 2015 ഓഗസ്റ്റ് 17-ന് കൺസഷൻ കരാറിൽ ഏർപ്പെട്ടു. തുടർന്ന് പരാമർശം 2 പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു ഉന്നതാധികാര സമിതി (Empowered Committee) രൂപീകരിച്ചു.

വിഴിഞ്ഞം തുറമുഖത്തിന്റെ കൺസഷണയറായ AVPPL-ന്റെ 49% ഓഹരി വിഹിതം ഏറ്റെടുക്കാൻ മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി (MSC) ഗ്രൂപ്പിന്റെ ടെർമിനൽ പ്രവർത്തന വിഭാഗമായ ടെർമിനൽ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ് (TiL)-ന്റെ അനുബന്ധ സ്ഥാപനമായ Mundi Limited മായി ഒരു കരാറിൽ 'Definitive Agreement' ഏർപ്പെട്ടതായി അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോൺ (APSEZ) ലിമിറ്റഡ് 2026 ജൂൺ 30-ന് ഒരു പത്രക്കുറിപ്പിലൂടെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

കൺസഷൻ കരാറിലെ ഖണ്ഡിക 5.3.1, 5.3.2 എന്നിവ പ്രകാരം കൺസഷണയറുടെ 49 ശതമാനം ഓഹരി വിഹിതം ടെർമിനൽ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ മുണ്ടി ലിമിറ്റഡിന് കൈമാറുന്നതിനുള്ള സർക്കാർ അനുമതി ലഭിക്കുന്നതിനായി AVPPL, കേരള സർക്കാരിന് പരാമർശം 3 പ്രകാരം കത്ത് സമർപ്പിക്കുകയുണ്ടായി. പരാമർശം 4 പ്രകാരം ആദ്യം നൽകിയ കത്ത് AVPPL ഔപചാരികമായി പിൻവലിക്കുകയും അതിന് പകരമായി കൂടുതൽ സമഗ്രവും വിശദവുമായ പുതിയ നിർദ്ദേശം സമർപ്പിക്കുകയും ചെയ്തു.

നിർദ്ദിഷ്ട ഇടപാടിൽ അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡ് (APSEZL) 51% ഓഹരി നിലനിർത്തുകയും ഭൂരിപക്ഷം ഡയറക്ടർമാരെ നിയമിക്കുന്നതും നിയന്ത്രണാധികാരമുള്ള ഓഹരി ഉടമയായി തുടരുകയും ചെയ്യുന്ന നിലയിൽ, AVPPL-ലെ 49% ഓഹരി മുണ്ടി ലിമിറ്റഡ് ഏറ്റെടുക്കുന്ന വിധത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് രണ്ട് കത്തുകളും സ്ഥിരീകരിക്കുന്നുണ്ടെങ്കിലും, രണ്ടാമത്തെ കത്തിൽ പ്രസ്തുത ഇടപാടിന്റെ വിശദമായ വിവരങ്ങൾ സർക്കാരിനെ അറിയിക്കുകയുണ്ടായി. APSEZL-ന്റെയും MSC ഗ്രൂപ്പിന്റെയും വിശദമായ സ്ഥാപന വിവരങ്ങൾ, നിർദ്ദിഷ്ട നിക്ഷേപത്തിന്റെ പ്രാധാന്യം, കൂടാതെ നിരവധി സുപ്രധാന ഉറപ്പുകളും പ്രതിബദ്ധതകളും പ്രസ്തുത കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുറമുഖം എല്ലായ്പ്പോഴും ഒരു "കോമൺ യൂസർ ടെർമിനൽ" ആയി പ്രവർത്തിക്കുമെന്നും, MSC-ക്കോ അതിന്റെ ഏതെങ്കിലും അനുബന്ധ സ്ഥാപനങ്ങൾക്കോ പ്രത്യേകാവകാശം (Exclusivity) അനുവദിക്കുകയില്ലെന്നും ഈ കത്തിൽ വ്യക്തമായി ഉറപ്പുനൽകുന്നു. കൂടാതെ, നിർദ്ദിഷ്ട 49 ശതമാനം ഓഹരി കൈമാറ്റം ഇതുവരെ നടന്നിട്ടില്ലെന്നും, കേരള സർക്കാരിന്റെ മുൻകൂർ രേഖാമൂലമുള്ള അനുമതിയില്ലാതെ അത്തരം കൈമാറ്റം നടത്തുകയില്ലെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത ഇടപാടിലൂടെ AVPPL ഉം MSC ഗ്രൂപ്പും ചേർന്ന് ഏകദേശം 1.75 ബില്യൺ യു.എസ്. ഡോളർ നിക്ഷേപിച്ച് തുറമുഖത്തിന്റെ നിലവിലെ 1.6 മില്യൺ TEU വാർഷിക ശേഷി 5.7 മില്യൺ TEU ആയി വർധിപ്പിക്കുന്ന രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ, MSC-യുടെ ട്രാൻഷിപ്പ്മെന്റ് ചരക്കിന്റെ ഗണ്യമായ ഒരു പങ്ക് കൊളംബോയിൽ നിന്ന് വിഴിഞ്ഞത്തേക്ക് മാറ്റുമെന്നും, കിഴക്കൻ ആഫ്രിക്കയിലും ബംഗ്ലാദേശിലും നിന്നുള്ള ചരക്ക് കൈകാര്യം വർധിക്കുമെന്നുമുള്ള പ്രതീക്ഷയും രേഖപ്പെടുത്തുന്നു. അദാനി എന്നൂർ കണ്ടെയ്നർ ടെർമിനലിലെയും, അദാനി ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ മുന്ദ്രയിലെയും TiL-ന്റെ നിലവിലുള്ള നിക്ഷേപങ്ങളെ മാതൃകകളായി രണ്ട്

കത്തുകളിലും പരാമർശിച്ചിട്ടുണ്ട്. കൂടാതെ, കൺസഷൻ കരാറിലെ ഖണ്ഡിക 5.3 പ്രകാരം കേരള സർക്കാരിന്റെ മുൻകൂർ അനുമതി ലഭിച്ചതിന് ശേഷം മാത്രമേ നിർദ്ദിഷ്ട ഇടപാട് പൂർത്തിയാക്കാൻ കഴിയുകയുള്ളൂ എന്നും പ്രസ്തുത കത്തിൽ അറിയിച്ചിട്ടുണ്ട്.

MSC/TiL മുഖേന AVPPL-ൽ 49 ശതമാനം ഓഹരി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം, കൺസഷൻ കരാറിലെ ഖണ്ഡിക 5.3 പ്രകാരമുള്ള "ഉടമസ്ഥാവകാശ മാറ്റം" (Change in Ownership) ആയി കണക്കാക്കപ്പെടുകയും ആയതിന് കേരള സർക്കാരിന്റെ മുൻകൂർ അനുമതി നിർബന്ധമായും ആവശ്യവുമാണ്.

## Clause 5.3 – Obligations relating to change in Ownership

**Clause 5.3.1** – "*The Concessionaire shall not undertake or permit any Change in Ownership, except with the prior approval of the Authority.*"

**Clause 5.3.2** – "*Notwithstanding anything to the contrary contained in this Agreement, the Concessionaire agrees and acknowledges that: (a) all acquisitions of Equity by an acquirer, either by himself or with any person acting in concert, directly or indirectly, including by transfer of the direct or indirect legal or beneficial ownership or control of any Equity, in aggregate of 25% (twenty five per cent) or more of the total Equity of the Concessionaire, or (b) acquisition of any control directly or indirectly of the Board of Directors of the Concessionaire by any person either by himself or together with any person or persons acting in concert with him— shall constitute a Change in Ownership requiring prior approval of the Authority from national security and public interest perspective, the decision of the Authority in this behalf being final, conclusive and binding on the Concessionaire. For the avoidance of doubt, it is expressly agreed that approval of the Authority hereunder shall be limited to national security and public interest perspective, and the Authority shall endeavour to convey its decision thereon expeditiously.*"

തുറമുഖം ഒരു പൊതുസൗകര്യമായി (common-user facility) പ്രവർത്തിപ്പിക്കാനും, ഷിപ്പിംഗ് ലൈനുകൾ, കപ്പൽ ഓപ്പറേറ്റർമാർ, കയറ്റുമതിക്കാർ/ ഇറക്കുമതിക്കാർ, ഫ്രൈറ്റ് ഫോർവേഡർമാർ തുടങ്ങിയ എല്ലാ ഉപയോക്താക്കൾക്കും വിവേചനരഹിതമായ പ്രവേശനം ഉറപ്പാക്കാനും കൺസഷനയർ ബാധ്യസ്ഥനാണ്. നിലവിലുള്ളതോ വരാനിരിക്കുന്നതോ ആയ ഏതൊരു ഉപയോക്താവിനോടും വിവേചനപരമോ അനീതി നിറഞ്ഞതോ ആയ രീതിയിൽ പെരുമാറുന്നതിൽ നിന്ന് കൺസഷൻ കരാറിലെ Clause 5.8.1 അനുസരിച്ച് കൺസഷനയറെ വിലക്കിയിട്ടുണ്ട്. ദേശീയ സുരക്ഷ, പൊതുതാൽപ്പര്യം, സുതാര്യമായ മത്സരം നിലനിർത്തൽ, നിക്ഷേപ പ്രോത്സാഹനം, കൂടാതെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ആഗോളതലത്തിൽ മത്സരിക്കാൻ ശേഷിയുള്ള, നിഷ്പക്ഷമായ ഒരു മാരിടൈം കവാടമായി ദീർഘകാലാടിസ്ഥാനത്തിൽ വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഈ വിഷയം

പരിശോധിക്കേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ (AVPPL) ഓഹരി കൈമാറുന്നത് സംബന്ധിച്ച അപേക്ഷയിൻമേൽ അതിന്റെ ഗുണദോഷ വശങ്ങൾ പരിശോധിച്ച് സംസ്ഥാന താത്പര്യം സംരക്ഷിച്ചുകൊണ്ടും തുറമുഖത്തിന്റെ ഭാവി വികസനം ഉറപ്പാക്കിക്കൊണ്ടും തീരുമാനമെടുക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ രൂപീകരിച്ച ഉന്നതാധികാര സമിതിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. രത്തൻ യു.കേൽക്കർ ഐ.എ.എസ്**
**സെക്രട്ടറി**

ചീഫ് സെക്രട്ടറി
ബഹു. മുഖ്യമന്ത്രിയുടെ സെക്രട്ടറിയ്ക്ക്
ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
നിയമവകുപ്പ് സെക്രട്ടറി
മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്
പൊതുഭരണ (എസ്.സി) വകുപ്പ് (08-07-2026 ലെ ഇനം നം. 68 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തുറമുഖ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തുറമുഖ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ. യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-07-2026

ഫയൽ നം. FandP-E1/117/2026/FandP. ഇനം നം : 68

വിഷയം : മത്സ്യബന്ധന-തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖ പദ്ധതിയുടെ കൺസഷനെയർ കമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ (AVPPL) ഓഹരി, ടെർമിനൽ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡിന്റെ (TiL) അനുബന്ധ സ്ഥാപനമായ മുണ്ടി ലിമിറ്റഡിന് കൈമാറുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിച്ചു.

ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതി അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ (AVPPL) ഓഹരി കൈമാറുന്നത് സംബന്ധിച്ച അപേക്ഷയിന്മേൽ അതിന്റെ ഗുണദോഷവശങ്ങൾ പരിശോധിച്ച് സംസ്ഥാന താല്പര്യം സംരക്ഷിച്ചുകൊണ്ടും തുറമുഖത്തിന്റെ ഭാവി വികസനം ഉറപ്പാക്കിക്കൊണ്ടും തീരുമാനമെടുക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നതാണ്.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

സെക്രട്ടറി, തുറമുഖ വകുപ്പ്.

7/7/26.
JS (Ports)

**കേരള സർക്കാർ**
**(ശ്രീ. വി.ഡി.സതീശൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | FandP-E1/117/2026-FandP |
| 2 | വകുപ്പ് | മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ് |
| 3 | വിഷയം | വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖ പദ്ധതിയുടെ കൺസഷനെയർ കമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ (AVPPL) ഓഹരി, ടെർമിനൽ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡിന്റെ (TiL) അനുബന്ധ സ്ഥാപനമായ മുണ്ടി ലിമിറ്റഡിന് കൈമാറുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06-07-2026 |
| 5 | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ ? | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി. മദീന ബീഗം എ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ.രത്തൻ യു. കേൽക്കർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 07-07-2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07-07-2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി.ഡി.സതീശൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീക രിച്ച തീയതി | 07-07-2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07-07-2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖ പദ്ധതിയുടെ കൺസഷനെയർ കമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡിന്റെ (AVPPL) ഓഹരി, ടെർമിനൽ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡിന്റെ (TiL) അനുബന്ധ സ്ഥാപനമായ മുണ്ടി ലിമിറ്റഡിന് കൈമാറുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

**2) പശ്ചാത്തലം**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൊതു-സ്വകാര്യ പങ്കാളിത്ത (Public Private Partnership - PPP) മാതൃകയിൽ വികസിപ്പിക്കുന്നതിനായി 2013-ന്റെ അവസാനത്തോടെ ആരംഭിച്ച ടെൻഡർ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ, അദാനി പോർട്സ് ആൻഡ് എസ്.ഇ.സെഡ്. ലിമിറ്റഡ് (APSEZ)-നെ അന്നത്തെ സംസ്ഥാന സർക്കാർ തെരഞ്ഞെടുക്കുകയുണ്ടായി. ഡിസൈൻ, ബിൽഡ്, ഫിനാൻസ്, ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ (DBFOT) മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ കൺസഷൻ കാലാവധി 40 വർഷമാണ് (കരാറിലെ ഖണ്ഡിക 3.1 പ്രകാരം). ഇതിൽ 4 വർഷം നിർമ്മാണത്തിനും തുടർന്ന് 36 വർഷം പ്രവർത്തനത്തിനുമാണ് നിഷ്കർച്ചിരിക്കുന്നത്. കൺസഷൻ കരാറിൽ നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ തുറമുഖത്തിന്റെ രണ്ട്, മൂന്ന്, നാല് ഘട്ടങ്ങൾ (Capacity Augmentation) കൺസഷണെയർ പൂർത്തിയാക്കിയാൽ, കൺസഷൻ കാലാവധി 20 വർഷത്തേക്ക് കൂടി നീട്ടി നൽകുന്നതാണ്.

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനുമായി അദാനി പോർട്സ് ആൻഡ് എസ്.ഇ.സെഡ്. ലിമിറ്റഡ് (APSEZ)- ന്റെ പൂർണ്ണ ഉടമസ്ഥതയിൽ രൂപീകരിച്ച അനുബന്ധ സ്ഥാപനമായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (AVPPL) ആണ് പ്രസ്തുത പദ്ധതിയുടെ കൺസഷണയർ. തുറമുഖത്തിന്റെ ഉടമയായ കേരള സർക്കാരും, പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള കൺസഷണെയറായ AVPPL-ഉം തമ്മിൽ 2015 ഓഗസ്റ്റ് 17-നാണ് കൺസഷൻ കരാറിൽ ഏർപ്പെടുന്നത്.

**3) AVPPL-ന്റെ ഓഹരി വിഹിതം മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി (MSC) ഗ്രൂപ്പിന്റെ അനുബന്ധ സ്ഥാപനമായ ടെർമിനൽ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡിന്റെ (TIL) മുഖേന മുണ്ടി ലിമിറ്റഡിന് വിൽക്കുന്നത് സംബന്ധിച്ച്.**

വിഴിഞ്ഞം തുറമുഖത്തിന്റെ കൺസഷണയറായ AVPPL-ന്റെ 49% ഓഹരി വിഹിതം ഏറ്റെടുക്കാൻ മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനി (MSC) ഗ്രൂപ്പിന്റെ ടെർമിനൽ പ്രവർത്തന വിഭാഗമായ ടെർമിനൽ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ് (TiL)-ന്റെ അനുബന്ധ സ്ഥാപനമായ Mundi Limited മായി ഒരു കരാറിൽ 'Definitive Agreement' ഏർപ്പെട്ടതായി അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോൺ (APSEZ) ലിമിറ്റഡ് 2026 ജൂൺ 30-ന് ഒരു പത്രക്കുറിപ്പിലൂടെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. AVPPL- ന്റെ മൂല്യമായി നിർണ്ണയിച്ചിട്ടുള്ള USD 2.85 ബില്യണിന് (ഏകദേശം 26,700 കോടി രൂപ) ആനുപാതികമായ 49% ഓഹരിക്ക് തുല്യമായ USD 1.397 ബില്യൺ (ഏകദേശം 13,000 കോടി രൂപ) നിക്ഷേപിക്കാനാണ് TiL ഉദ്ദേശിക്കുന്നതെന്നാണ് പ്രസ്തുത പത്രക്കുറിപ്പിൽ പരാമർശിച്ചിട്ടുള്ളത്.

ഇത്തരം പ്രാധാന്യമേറിയ ഒരു നിർദ്ദേശം കേരള സർക്കാരുമായി മുൻകൂർ കൂടിയാലോചനയോ അറിയിപ്പോ ഇല്ലാതെ പ്രഖ്യാപിച്ചതിൽ ബഹു. മുഖ്യമന്ത്രി APSEZ മാനേജ്മെന്റിനോട് അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. നിർദ്ദിഷ്ട ഇടപാടിനെക്കുറിച്ച് സംസ്ഥാന സർക്കാർ അറിഞ്ഞത് മാധ്യമ വാർത്തകളിലൂടെയായിരുന്നു.

പത്രക്കുറിപ്പ് പ്രസിദ്ധീകരിച്ച് രണ്ട് ദിവസത്തിനുള്ളിൽ, കൺസഷൻ കരാറിലെ ഖണ്ഡിക 5.3.1, 5.3.2 എന്നിവ പ്രകാരം കൺസഷണയറുടെ 49 ശതമാനം ഓഹരി വിഹിതം ടെർമിനൽ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ മുണ്ടി ലിമിറ്റഡിന് കൈമാറുന്നതിനുള്ള സർക്കാർ അനുമതി ലഭിക്കുന്നതിനായി AVPPL, കേരള സർക്കാരിന് രണ്ട് കത്തുകൾ സമർപ്പിക്കുകയുണ്ടായി. AVPPL സമർപ്പിച്ച ആദ്യ കത്തായ 2026 ജൂലൈ 1 തീയതിയിലെ AVPPL/GoK/2026-27/4064-ൽ നിർദ്ദിഷ്ട ഇടപാടിന്റെ സംക്ഷിപ്ത വിശദാംശങ്ങൾ അവതരിപ്പിക്കുകയും, എന്നൂർ, മുന്ദ്ര

തുറമുഖങ്ങളിലെ സമാന ഇടപാടുകളെ മാതൃകകളായി ചൂണ്ടിക്കാട്ടി കേരള സർക്കാരിന്റെ അനുമതി അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ, 2026 ജൂലൈ 3 തീയതിയിലെ AVPPL/GoK/2026-27/4067 നമ്പർ കത്ത് സമർപ്പിച്ച്, ആദ്യം നൽകിയ കത്ത് AVPPL ഔപചാരികമായി പിൻവലിക്കുകയും അതിന് പകരമായി കൂടുതൽ സമഗ്രവും വിശദവുമായ പുതിയ നിർദ്ദേശം സമർപ്പിക്കുകയും ചെയ്തു. അതിനാൽ, 2026 ജൂലൈ 3-ലെ AVPPL/GoK/2026-27/4067 നമ്പർ കത്താണ് നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ള അപേക്ഷ.

നിർദ്ദിഷ്ട ഇടപാടിൽ അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡ് (APSEZL) 51% ഓഹരി നിലനിർത്തുകയും ഭൂരിപക്ഷം ഡയറക്ടർമാരെ നിയമിക്കുന്നതും നിയന്ത്രണാധികാരമുള്ള ഓഹരി ഉടമയായി തുടരുകയും ചെയ്യുന്ന നിലയിൽ, AVPPL-ലെ 49% ഓഹരി മുണ്ടി ലിമിറ്റഡ് ഏറ്റെടുക്കുന്ന വിധത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് രണ്ട് കത്തുകളും സ്ഥിരീകരിക്കുന്നുണ്ടെങ്കിലും, രണ്ടാമത്തെ കത്തിൽ പ്രസ്തുത ഇടപാടിന്റെ വിശദമായ വിവരങ്ങൾ സർക്കാരിനെ അറിയിക്കുകയുണ്ടായി. ഏഴ് ഖണ്ഡികകളുള്ള ആദ്യത്തെ കത്തിൽ നിന്നും വ്യത്യസ്തമായി, 2026 ജൂലൈ 3 തീയതിയിലെ AVPPL/GoK/2026-27/4067 നമ്പർ കത്തിൽ APSEZL-ന്റെയും MSC ഗ്രൂപ്പിന്റെയും വിശദമായ സ്ഥാപന വിവരങ്ങൾ, നിർദ്ദിഷ്ട നിക്ഷേപത്തിന്റെ പ്രാധാന്യം, കൂടാതെ നിരവധി സുപ്രധാന ഉറപ്പുകളും പ്രതിബദ്ധതകളും ഉൾപ്പെടുത്തിയിട്ടുണ്ട്. തുറമുഖം എല്ലായ്പ്പോഴും ഒരു "കോമൺ യൂസർ ടെർമിനൽ" ആയി പ്രവർത്തിക്കുമെന്നും, MSC-യ്ക്കോ അതിന്റെ ഏതെങ്കിലും അനുബന്ധ സ്ഥാപനങ്ങൾക്കോ പ്രത്യേകാവകാശം (Exclusivity) അനുവദിക്കുകയില്ലെന്നും ഈ കത്തിൽ വ്യക്തമായി ഉറപ്പുനൽകുന്നു. കൂടാതെ, നിർദ്ദിഷ്ട 49 ശതമാനം ഓഹരി കൈമാറ്റം ഇതുവരെ നടന്നിട്ടില്ലെന്നും, കേരള സർക്കാരിന്റെ മുൻകൂർ രേഖാമൂലമുള്ള അനുമതിയില്ലാതെ അത്തരം കൈമാറ്റം നടത്തുകയില്ലെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത ഇടപാടിലൂടെ AVPPL ഉം MSC ഗ്രൂപ്പും ചേർന്ന് ഏകദേശം 1.75 ബില്യൺ യു.എസ്. ഡോളർ നിക്ഷേപിച്ച് തുറമുഖത്തിന്റെ നിലവിലെ 1.6 മില്യൺ TEU വാർഷിക ശേഷി 5.7 മില്യൺ TEU ആയി വർധിപ്പിക്കുന്ന രണ്ടാം ഘട്ട പ്രവർത്തനങ്ങൾ

ഏറ്റെടുക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ, MSC-യുടെ ട്രാൻഷിപ്പ്മെന്റ് ചരക്കിന്റെ ഗണ്യമായ ഒരു പങ്ക് കൊളംബോയിൽ നിന്ന് വിഴിഞ്ഞത്തേക്ക് മാറ്റുമെന്നും, കിഴക്കൻ ആഫ്രിക്കയിലും ബംഗ്ലാദേശിലും നിന്നുള്ള ചരക്ക് കൈകാര്യം വർധിക്കുമെന്നുമുള്ള പ്രതീക്ഷയും രേഖപ്പെടുത്തുന്നു. അദാനി എന്നൂർ കണ്ടെയ്നർ ടെർമിനലിലെയും, അദാനി ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ മുന്ദ്രയിലെയും TiL-ന്റെ നിലവിലുള്ള നിക്ഷേപങ്ങളെ മാതൃകകളായി രണ്ട് കത്തുകളിലും പരാമർശിച്ചിട്ടുണ്ട്. കൂടാതെ, കൺസഷൻ കരാറിലെ ഖണ്ഡിക 5.3 പ്രകാരം കേരള സർക്കാരിന്റെ മുൻകൂർ അനുമതി ലഭിച്ചതിന് ശേഷം മാത്രമേ നിർദ്ദിഷ്ട ഇടപാട് പൂർത്തിയാക്കാൻ കഴിയുകയുള്ളൂ എന്നും പ്രസ്തുത കത്തിൽ അറിയിച്ചിട്ടുണ്ട്.

**4) ഉടമസ്ഥാവകാശ മാറ്റം, ന്യായമായ മത്സരം എന്നിവ സംബന്ധിച്ച കൺസഷൻ കരാറിലെ വ്യവസ്ഥകൾ.**

**a) ഉടമസ്ഥാവകാശ മാറ്റം സംബന്ധിച്ച കൺസഷൻ കരാറിലെ പ്രസക്തമായ വ്യവസ്ഥ.**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനം, പ്രവർത്തനം, പരിപാലനം എന്നിവയ്ക്കായി കേരള സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും (AVPPL) തമ്മിൽ ഒപ്പുവെച്ച കൺസഷൻ കരാറിലെ ഉടമസ്ഥാവകാശ മാറ്റം സംബന്ധിച്ച ഖണ്ഡിക 5.3- ലെ വ്യവസ്ഥകൾ പ്രകാരമാണ് നിർദ്ദിഷ്ട ഇടപാട് പരിശോധിക്കേണ്ടത്.

**കൺസഷൻ കരാറിലെ ഖണ്ഡിക 5.3 പ്രകാരം:**

i. അധികാര സ്ഥാപനമായ കേരള സർക്കാരിന്റെ (Authority) മുൻകൂർ അനുമതിയില്ലാതെ, കൺസഷണയർ ഉടമസ്ഥാവകാശത്തിൽ യാതൊരു മാറ്റവും വരുത്തുകയോ അത്തരം മാറ്റം അനുവദിക്കുകയോ പാടില്ല

ii. കൺസഷണയറുടെ 25 ശതമാനമോ അതിലധികമോ ഓഹരി, നേരിട്ടോ പരോക്ഷമായോ ഏറ്റെടുക്കുന്നത് ഉടമസ്ഥാവകാശ മാറ്റമായി (Change in Ownership) കണക്കാക്കപ്പെടും.

iii. ഉടമസ്ഥാവകാശ മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ ദേശീയ സുരക്ഷ (National Security), പൊതുതാൽപര്യം (Public Interest) എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേരള സർക്കാർ (Authority) പരിശോധിച്ച് അനുമതി നൽകേണ്ടതാണ്.

മേൽ വ്യവസ്ഥകൾ പ്രകാരം MSC/TiL മുഖേന AVPPL-ൽ 49 ശതമാനം ഓഹരി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം, കൺസഷൻ കരാറിലെ ഖണ്ഡിക 5.3 പ്രകാരമുള്ള "ഉടമസ്ഥാവകാശ മാറ്റം" (Change in Ownership) ആയി കണക്കാക്കപ്പെടുകയും ആയതിന് കേരള സർക്കാരിന്റെ മുൻകൂർ അനുമതി നിർബന്ധമായും ആവശ്യവുമാണ്. 2015 ആഗസ്റ്റ് 17-ന് കേരള സർക്കാരും AVPPL- ഉം തമ്മിൽ ഒപ്പുവെച്ച കൺസഷൻ കരാറിൽ ഇതുമായി ബന്ധപ്പെട്ട് പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

**Clause 5.3.1** - "*The Concessionaire shall not undertake or permit any Change in Ownership, except with the prior approval of the Authority.*"

**Clause 5.3.2** - "*Notwithstanding anything to the contrary contained in this Agreement, the Concessionaire agrees and acknowledges that: (a) all acquisitions of Equity by an acquirer, either by himself or with any person acting in concert, directly or indirectly, including by transfer of the direct or indirect legal or beneficial ownership or control of any Equity, in aggregate of 25% (twenty five per cent) or more of the total Equity of the Concessionaire, or (b) acquisition of any control directly or indirectly of the Board of Directors of the Concessionaire by any person either by himself or together with any person or persons acting in concert with him— shall constitute a Change in Ownership requiring prior approval of the Authority from national security and public interest perspective, the decision of the Authority in this behalf being final, conclusive and binding on the Concessionaire. For the avoidance of doubt, it is expressly agreed that approval of the Authority hereunder shall be limited to national security and public interest perspective, and the Authority shall endeavour to convey its decision thereon expeditiously.*"

**ദേശീയ സുരക്ഷ (National Security) മുൻനിർത്തിക്കൊണ്ടുള്ള പരിശോധന:**

കൺസഷൻ കരാറിലെ ഖണ്ഡിക 5.3.2 പ്രകാരം, നിർദ്ദേശിക്കപ്പെട്ട ഓഹരി

ഏറ്റെടുക്കൽ ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട എന്തെങ്കിലും ആശങ്കകൾ സൃഷ്ടിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രാജ്യത്തിന്റെ തന്ത്രപ്രധാനമായ സമുദ്ര അടിസ്ഥാനസൗകര്യ ആസ്തിയായതിനാൽ, നിർദ്ദിഷ്ട ഇടപാടിന്റെ ദേശീയ സുരക്ഷാ പ്രത്യാഘാതങ്ങളെക്കുറിച്ച് കേന്ദ്ര സർക്കാരിന്റെ അഭിപ്രായവും ആവശ്യമായാൽ ബന്ധപ്പെട്ട സുരക്ഷാ ഏജൻസികളുടെ നിലപാടും തേടുന്നത് ഉചിതമായിരിക്കും.

**പൊതുതാൽപര്യം (Public Interest) മുൻനിർത്തിക്കൊണ്ടുള്ള പരിശോധന:** കൺസഷൻ കരാറിലെ ഖണ്ഡിക 5.3.2 പ്രകാരം, നിർദ്ദേശിക്കപ്പെട്ട ഓഹരി ഏറ്റെടുക്കൽ പൊതുതാൽപര്യവുമായി ബന്ധപ്പെട്ട എന്തെങ്കിലും ആശങ്കകൾ ഉയർത്തുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. ഈ പരിശോധനയിൽ, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ, സാമ്പത്തിക താൽപര്യങ്ങൾ, തുറമുഖത്തിന്റെ ദീർഘകാല വികസനം, Fair Competition, ഉപയോക്താക്കളുടെ താൽപര്യ സംരക്ഷണം എന്നിവയെ ബാധിക്കുന്ന ഘടകങ്ങൾ ഉൾപ്പെടെ പരിഗണിക്കാവുന്നതാണ്.

**b) നീതിയുക്തമായ മത്സരവും വിവേചനരഹിതമായ നടപടികളും സംബന്ധിച്ച് കൺസെഷൻ കരാറിലെ പ്രസക്തമായ വ്യവസ്ഥ.**

**Clause 5.8.1** – *"Subject to the provisions of Clause 5.8.2, the Concessionaire shall manage and operate the Port on a common user basis and provide non-discriminatory access to vessels, vehicles, shipping lines, shippers, receivers, forwarders and other Users in accordance with the provisions of this Agreement and shall refrain from adopting any unfair or discriminatory practice against any User or potential User."*

**Clause 5.8.2** – *"The Concessionaire may, with prior written notice to the Authority and in accordance with Good Industry Practice, offer preferential treatment to any class or classes of vessels, shipping lines, vehicles or other persons; provided that the Concessionaire shall not, in any month occurring after the 3rd (third) anniversary of COD, handle the vessels or cargo of an Associate or any other person in whom it has a*

*direct or indirect financial interest if such vessels or cargo exceed 50% (fifty per cent) of the total cargo or number of vessels, as the case may be, handled by it during such month..."*

**വ്യവസ്ഥയുടെ അർത്ഥവും പ്രത്യാഘാതങ്ങളും**

തുറമുഖം ഒരു പൊതുസൗകര്യമായി (common-user facility) പ്രവർത്തിപ്പിക്കാനും, ഷിപ്പിംഗ് ലൈനുകൾ, കപ്പൽ ഓപ്പറേറ്റർമാർ, കയറ്റുമതിക്കാർ/ ഇറക്കുമതിക്കാർ, ഫ്രൈറ്റ് ഫോർവേഡർമാർ തുടങ്ങിയ എല്ലാ ഉപയോക്താക്കൾക്കും വിവേചനരഹിതമായ പ്രവേശനം ഉറപ്പാക്കാനും കൺസഷനയർ ബാധ്യസ്ഥനാണ്. നിലവിലുള്ളതോ വരാനിരിക്കുന്നതോ ആയ ഏതൊരു ഉപയോക്താവിനോടും വിവേചനപരമോ അനീതി നിറഞ്ഞതോ ആയ രീതിയിൽ പെരുമാറുന്നതിൽ നിന്ന് കൺസഷൻ കരാറിലെ Clause 5.8.1 അനുസരിച്ച് കൺസഷനയറെ വിലക്കിയിട്ടുണ്ട്. MSC കേവലം ഒരു സാമ്പത്തിക നിക്ഷേപകൻ മാത്രമല്ല, ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ ഷിപ്പിംഗ് കമ്പനികളിലൊന്നാണ്, കൂടാതെ കണ്ടെയ്നർ ടെർമിനൽ സൗകര്യങ്ങളുടെ വലിയൊരു ഉപയോക്താവുമാണ്. കൂടാതെ, MSC ഗ്രൂപ്പ് അവരുടെ അനുബന്ധ സ്ഥാപനങ്ങളിലൂടെ സമ്പൂർണ്ണമായ ഗ്ലോബൽ ലോജിസ്റ്റിക്സ് സേവനങ്ങൾ നൽകുന്ന ഒരു സ്ഥാപനമായി വളർന്നിട്ടുണ്ട്. കണ്ടെയ്നർ ഷിപ്പിംഗിന് പുറമെ, റോഡ് ഗതാഗതം, റെയിൽ ഫ്രൈറ്റ്, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനുകൾ (CFS), ഇൻലാൻഡ് കണ്ടെയ്നർ ഡിപ്പോകൾ (ICD), വെയർഹൗസിംഗ്, വിതരണം, കസ്റ്റംസ് ബ്രോക്കറേജ്, കോൾഡ്-ചെയിൻ ലോജിസ്റ്റിക്സ്, എയർ കാർഗോ തുടങ്ങി മൾട്ടിമോഡൽ ലോജിസ്റ്റിക്സ് സേവനങ്ങളിൽ അവർക്ക് ആഗോളതലത്തിൽ വലിയ സ്വാധീനമുണ്ട്. ആയതിനാൽ, കാർഗോയുടെ ഉത്ഭവസ്ഥാനം മുതൽ ലക്ഷ്യസ്ഥാനം വരെ സംയോജിത ലോജിസ്റ്റിക്സ് സേവനങ്ങൾ നൽകാൻ ഈ ഗ്രൂപ്പിന് സാധിക്കും.

മാരിടൈം, ലോജിസ്റ്റിക്സ് മേഖലകളിലെ മത്സരത്തെ ഈ ഉടമസ്ഥാവകാശ ഘടന എങ്ങനെ ബാധിക്കുമെന്ന് സർക്കാർ പരിശോധിക്കേണ്ടതുണ്ട്. Vertically integrated ആയ ഒരു ലോജിസ്റ്റിക്സ് ഓപ്പറേറ്റർ എന്ന നിലയിൽ, ഷിപ്പിംഗ്, ടെർമിനൽ കൈകാര്യം ചെയ്യൽ, ഉൾനാടൻ ലോജിസ്റ്റിക്സ് എന്നിവ ഒരു ബിസിനസ്സ് ആവാസവ്യവസ്ഥയ്ക്കുള്ളിൽ

നൽകാൻ MSC ക്ക് കഴിയുന്നതാണ്. അതിനാൽ, കരാറിലെ വ്യവസ്ഥകൾ പ്രകാരം ഈ തുറമുഖം ഒരു നിഷ്പക്ഷമായ പൊതുസൗകര്യമായി തുടരുന്നുവെന്നും, എല്ലാ ഷിപ്പിംഗ് ലൈനുകൾക്കും ലോജിസ്റ്റിക്സ് സേവന ദാതാക്കൾക്കും സുതാര്യവും വിവേചനരഹിതവുമായ സേവനം ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കേണ്ടതുണ്ടോ എന്ന് സർക്കാർ പരിശോധിക്കേണ്ടതാണ്.

**5) പരിശോധനാ മാനദണ്ഡങ്ങൾ**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെയും, അതിനോട് അനുബന്ധിച്ചുള്ള ചെറിയ തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ഉൾനാടൻ ജലപാതകൾ, മൾട്ടിമോഡൽ ഗതാഗത സൗകര്യങ്ങൾ എന്നിവയെയും സമന്വയിപ്പിച്ചുകൊണ്ട് കേരളത്തെ ഒരു പ്രമുഖ മാരിടൈം, ലോജിസ്റ്റിക്സ് ഹബ്ബാക്കി മാറ്റുക എന്ന സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിൽ വേണം ഈ നിർദ്ദേശത്തെ പരിശോധിക്കാൻ. സർക്കാരിന്റെ ഈ കാഴ്ചപ്പാടിന്റെ ദീർഘകാല വിജയത്തിന് വിവിധ ഷിപ്പിംഗ് ലൈനുകൾ, ടെർമിനൽ ഓപ്പറേറ്റർമാർ, ലോജിസ്റ്റിക്സ് കമ്പനികൾ, CFS - ICD ഓപ്പറേറ്റർമാർ, വെയർഹൗസിംഗ് സേവനദാതാക്കൾ, റെയിൽ ഫ്രൈറ്റ് ഓപ്പറേറ്റർമാർ, നിർമ്മാതാക്കൾ, മറ്റ് സപ്ലൈ ചെയിൻ സേവന ദാതാക്കൾ എന്നിവരിൽ നിന്നുള്ള നിക്ഷേപങ്ങൾ നിർണ്ണായകമാണ്. ആയതിനാൽ, നിർദ്ദിഷ്ട ഉടമസ്ഥാവകാശ ഘടന നിലവിലുള്ളതും ഭാവിയിൽ വരാനിരിക്കുന്നതുമായ നിക്ഷേപകരുടെ തീരുമാനങ്ങളെ ബാധിക്കുമോ എന്നും, കേരളത്തിന്റെ വളർന്നുവരുന്ന മാരിടൈം സമ്പദ്‌വ്യവസ്ഥയിൽ സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരക്ഷമവും നിഷ്പക്ഷവും നിക്ഷേപക സൗഹൃദവുമായ ഒരു ആവാസവ്യവസ്ഥ നിലനിർത്താൻ ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ ആവശ്യമാണോ എന്നും സർക്കാർ പരിശോധിക്കേണ്ടതാണ്. മേൽപ്പറഞ്ഞ കാര്യങ്ങൾ പരിഗണിച്ച്, ഈ നിർദ്ദിഷ്ട ഏറ്റെടുക്കലിനെ കൺസഷൻ കരാറിലെ ഉടമസ്ഥാവകാശ മാറ്റം സംബന്ധിച്ച വ്യവസ്ഥകൾക്കപ്പുറം വിപുലമായ കാഴ്ചപ്പാടോടെ സർക്കാർ പരിശോധിക്കേണ്ടതുണ്ട്. ദേശീയ സുരക്ഷ, പൊതുതാൽപ്പര്യം, സുതാര്യമായ മത്സരം നിലനിർത്തൽ, നിക്ഷേപ പ്രോത്സാഹനം, കൂടാതെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ആഗോളതലത്തിൽ മത്സരിക്കാൻ ശേഷിയുള്ള, നിഷ്പക്ഷമായ

ഒരു മാരിടൈം കവാടമായി ദീർഘകാലാടിസ്ഥാനത്തിൽ വികസിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വേണം ഈ പരിശോധന നടത്തേണ്ടത്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങൾ മന്ത്രിസഭ മുമ്പാകെ അറിവിലേയ്ക്കായി സമർപ്പിക്കാവുന്നതാണോ :

i. 2015 ഒക്ടോബർ 27-ലെ സർക്കാർ ഉത്തരവ് (GO (Rt) No 873/2015/F&PD) പ്രകാരം ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ രൂപീകരിച്ച ഉന്നതാധികാര സമിതി (Empowered Committee), കൺസഷൻ കരാറിലെ പ്രസക്തമായ വ്യവസ്ഥകൾക്കനുസൃതമായി ഈ നിർദ്ദേശം പരിശോധിക്കേണ്ടതാണ്.

ii. ആവശ്യമെങ്കിൽ, സമഗ്രമായ പരിശോധന ആരംഭിക്കുന്നതിന് മുൻപായി ഉന്നതാധികാര സമിതിക്ക് AVPPL- നോട് ഔദ്യോഗികമായി വിശദീകരണങ്ങൾ ആവശ്യപ്പെടാവുന്നതാണ്. ഉടമസ്ഥാവകാശ ശൃംഖല, ഭരണപരമായ അവകാശങ്ങൾ, സുരക്ഷാ ക്ലിയറൻസുമായി ബന്ധപ്പെട്ട തൽസ്ഥിതി, പൊതുസൗകര്യമായി നിലനിർത്തി തുറമുഖ പ്രവർത്തനം നടത്തുന്നതിനായുള്ള നടപടികൾ, സാമ്പത്തിക ഘടന എന്നിവ സംബന്ധിച്ച ചോദ്യാവലി ഇതിനായി തയ്യാറാക്കാവുന്നതാണ്.

iii. പ്രസ്തുത അപേക്ഷ കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന് (Ministry of Ports, Shipping and Waterways) അയക്കാവുന്നതാണ്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും മറ്റ് സുരക്ഷാ ഏജൻസികളിൽ നിന്നും ആവശ്യമായ സുരക്ഷാ ക്ലിയറൻസ് ലഭ്യമാക്കിയ ശേഷം മാത്രം കേരള സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടതാണ്.

5

# GOVERNMENT OF KERALA

## Abstract

Fisheries & Ports Department - Vizhinjam International Deep water Multipurpose Seaport Project - Empowered Committee Reinstated - Orders issued

=====================================================

**Fisheries & Ports (E) Department**

G.O(Rt) No. 873/2015/F&PD. Dated, Thiruvananthapuram, 27-10-2015.

=====================================================

Read:- 1 G.O(Rt)No.800/2010/F&PD dated 22-09-2010
2 G.O(Rt)No.615/2015/F&PD dated 30-07-2015
3 Letter No. VISL/BEC/2015/944 dated 16-10-2015 from the Managing Director, Vizhinjam International Seaport Ltd.

## ORDER

As per Government Order read as first paper above, Government constituted Bid Evaluation / Empowered Committee with the following members for the development of Vizhinjam International Container Transshipment Terminal.

VISL
Inward No. 1301
Date 27/10/15
Issued To
MD & CEO
CFO | CS & CAO
CPC&H(EHS&CSR) | A (LM)
PM(Comm) | PM(E&C)
JM(A/Cs) | AO

| | | | |
|---|---|---|---|
| i) | Chief Secretary | - | Chairman |
| ii) | Principal Secretary to Chief Ministers | - | Member |
| iii) | Principal Secretary, Finance | - | Member |
| iv) | Secretary, Ports | - | Member |
| v) | Secretary, Law | - | Member |
| vi) | Managing Director & Chief Executive Officer, Vizhinjam International Seaport Ltd | - | Convenor |

Subsequently, vide Government Order read as 2nd paper above Government reconstituted the Bid Evaluation / Empowered Committee as Project Implementation Committee for taking decision for the implementation of the project as per the Concession Agreement and also to oversee the Land Acquisition activities for the project.

The Managing Director, Vizhinjam International Seaport Ltd in his letter read as third paper above, has reported that during the course of activities related to Development period as well as the construction period of the Vizhinjam Port, Government of Kerala would be required to take significant decisions with respect to Concession Agreement signed for the project, very frequently, particularly in the initial phase of the project and any delayed decision would impact the project in terms of time and cost overrun. Hence a high powered committee is essential for taking decisions with respect to the matters related to Concession Agreement exclusively, in addition to the Project Implementation Committee.

The Managing Director, Vizhinjam International Seaport Ltd has therefore requested Government to reinstate the Empowered Committee and authorise it to take all decisions with respect to Concession Agreement signed for the project

The Managing Director, Vizhinjam International Seaport Ltd has also requested to include Principal Secretary (Transport) and Chairman (Kerala State Electricity Board) in the Project Implementation Committee in view of the wider role required to be performed and to authorise the Committee to take all decisions other than those related with Concession Agreement and provide support required for the project.

Government have examined the proposal in detail and are pleased to re-instate the Empowered Committee constituted vide Government Order read as 1st paper above and the Empowered Committee is authorised to take all decisions with respect to the Concession Agreement signed for the Vizhinjam International Deep water Multipurpose Seaport Project.

Government are also pleased to include the Principal Secretary (Transport) and the Chairman, Kerala State Electricity Board as members in the Project Implementation Committee constituted as per Government Order read as 2nd paper above.

The Project Implementation Committee is also authorised to take all decisions other than those related with the Concession Agreement and provide support required for the project.

(By Order of the Governor)

**C. JYOTHIKUMAR**
Under Secretary to Government

To
1) The Chief Secretary
2) The Principal Secretary to Chief Minister
3) The Principal Secretary, Finance Department
4) The Principal Secretary, Ports Department
5) The Principal Secretary, Law Department
6) The Principal Secretary, Transport
7) The Principal Secretary, Revenue
8) The Principal Secretary, Industries
9) The Labour Commissioner, Thiruvananthapuram
10) The District Collector , Thiruvananthapuram
11) The Managing Director, Vizhinjam International Seaport Ltd, Thiruvananthapuram
12) The Chairman, Kerala State Electricity Board, Vydhyuthi Bhavan, Pattom
13) SF/OC

Forwarded/By order

Section Officer